"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 — കോഴിക്കോട് ജില്ലാ സഹകരണ ഭവൻ കെട്ടിടനിർമ്മാണം - പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.218/2024/Co-Op തീയതി,തിരുവനന്തപുരം, 09-05-2024

പരാമർശം:-

1. 30/11/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം
2. സഹകരണ സംഘം രജിസ്ട്രാറുടെ പി& എം .ബി (2) 9853/2023 നം .കുറിപ്പ്
3. സഹകരണ സംഘം രജിസ്ട്രാറുടെ 23/11/2023 ലെ പി&എം എ (1)7181/22 നം കത്ത്
4. സഹകരണ സംഘം രജിസ്ട്രാറുടെ 23/01/2024 ലെ പി& എം ബി(2)9853/23 നം കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള 72 സെന്റ് സ്ഥലത്ത് ജോയിന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്), സർക്കിൾ സഹകരണ സംഘം എന്നിവ പ്രവർത്തിച്ചിരുന്ന കെട്ടിടം അപകടാവസ്ഥയിൽ ആയതിനെത്തുടർന്ന് നിയമാനുസൃത നടപടികൾ സ്വീകരിച്ചുകൊണ്ട് കെട്ടിടം പൂർണ്ണമായി പൊളിച്ച് മാറ്റുകയും, സമീപത്ത് നിർമ്മിച്ച താൽക്കാലിക നിർമ്മിതിയിൽ നിലവിൽ പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. ടി സാഹചര്യത്തിൽ കോഴിക്കോട് നഗരപരിധിയിൽ സഹകരണ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള മേൽ 72 സെന്റ് സ്ഥലത്ത് പുതിയ കെട്ടിടത്തിന്റെഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി, ജില്ലാ ഓഫീസുകൾക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1350 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സഹിതം സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ചിരുന്ന പ്രപ്പോസൽ 30/11/2023 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിച്ച് അംഗീകരിക്കുകയുണ്ടായി. എന്നാൽ റവന്യൂ ശീർഷകത്തിൽ നിന്നും ഓഹരി മൂലധന ശീർഷകത്തിലേയ്ക്ക്, കെട്ടിടനിർമ്മാണത്തിനായി വകയിരുത്തിയ തുക,

മാറ്റി വകകൊള്ളിക്കേണ്ടതുണ്ടെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചതിനാൽ, ഫയൽ, വർക്കിംഗ് ഗ്രൂപ്പിന്റെയും ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പിന്റെയും ശുപാർശ സഹിതം ധനകാര്യ വകുപ്പിലേയ്ക്ക് ശീർഷക സംബന്ധിയായ ഭേദഗതി അനുമതിക്കായി നൽകിയിരുന്നു. ധനകാര്യ വകുപ്പ് ആയത് അംഗീകരിച്ച് തത്വത്തിൽ അനുമതി നൽകാൻ ഉത്തരവായിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 30/11/2023 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനത്തിന്റെയും, സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും, ആസൂത്രണസാമ്പത്തികകാര്യ – ധനകാര്യ വകുപ്പുകളുടെ അനുമതിയുടെ അടിസ്ഥാനത്തിലും കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള 72 സെന്റ് സ്ഥലത്ത് കോഴിക്കോട് ജില്ലാ സഹകരണ ഭവൻ കെട്ടിടനിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ധനകാര്യ വകുപ്പിന്റെ ഇക്കാര്യങ്ങളിലുള്ള വിവിധ ഉത്തരവുകൾക്കും, സഹകരണ വകുപ്പിന്റെ ഉത്തരവുകൾക്കും വിധേയമായി, സഹകരണ സംഘം രജിസ്ട്രാർ അദ്ധ്യക്ഷനായ സംസ്ഥാനതല സാങ്കേതിക സമിതിയും, ജോയിന്റ് രജിസ്ട്രാർ (കോഴിക്കോട്) അദ്ധ്യക്ഷനായ ജില്ലാതല അവലോകന സമിതിയും രൂപീകരിച്ച് പദ്ധതി നിർവഹണം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി ആന്റണി.ഐ.എ.എസ്

സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/298/2023/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 09-05-2024 14:05:30

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2 സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി എ ക്ക്